സമ്മതിദായ സാക്ഷര സമാജം

ഒരു സമ്മതിദായകനും ഒഴിവാക്കപ്പെടരുത്

**കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ**

# ഇലക്ടറൽ ലിറ്ററസി ക്ലബ്

## റിസോഴ്സ് ഗൈഡ്

## കോളേജ്



പ്രിയപ്പെട്ട കൂട്ടുകാരെ,


നമ്മുടെ ഇന്ത്യ ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണെന്ന് എല്ലാവർക്കും അറിയാമല്ലോ. ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ പ്രക്രിയ നടക്കുന്നതും ഇന്ത്യയിലാണ്. ആ ജനാധിപത്യ പ്രക്രിയയുടെ സൗന്ദര്യമെന്ന് പറയുന്നത് പൊതു തെരഞ്ഞെടുപ്പുകളാണ്. രാജ്യത്തെ ജനങ്ങളാണ്, ഞാനും നിങ്ങളും ഉൾപ്പെടുന്ന പൗരന്മാരാണ് തെരഞ്ഞെടുപ്പുകളുടെ ശക്തി. വോട്ടവകാശമുള്ള പൗരന്മാർ തങ്ങളുടെ സമ്മതിദാനാവകാശം യുക്തിപൂർവ്വം, ക്രിയാത്മകമായി വിനിയോഗിക്കുമ്പോഴാണ് ജനാധിപത്യം അർത്ഥപൂർണമാകുന്നത്.

അത് ഉറപ്പാക്കുന്നതിന് കൃത്യമായ ഇടപെടലുകളാണ് രാജ്യത്തെ തിരഞ്ഞെടുപ്പ് കമ്മീഷൻ നടപ്പാക്കി വരുന്നത്. ലിംഗ - വർണ്ണ - പ്രായ ഭേദമന്യേ എല്ലാവരെയും ഉൾക്കൊള്ളുന്ന തിരഞ്ഞെടുപ്പ് എന്ന ആപ്തവാക്യം പ്രാവർത്തികമാക്കാൻ നിരവധി പദ്ധതികളും തെരഞ്ഞെടുപ്പ് കമ്മീഷൻ ആസൂത്രണം ചെയ്യുന്നുണ്ട്.


ഓരോ വോട്ടും വിലപ്പെട്ടതാണ്; ജനാധിപത്യ പ്രക്രിയയിൽ ഓരോ പൗരന്റെയും പങ്ക് വലുതാണ്. അതുകൊണ്ട് തന്നെ, ജനാധിപത്യത്തിന്റെ കരുത്തെന്തെന്ന് തിരിച്ചറിഞ്ഞു വേണം ഓരോ വിദ്യാർത്ഥിയും വളരേണ്ടത്. അത്തരം അവബോധം വിദ്യാർത്ഥികളിൽ രൂപപ്പെടുത്താൻ വേണ്ടിയാണ് കലാലയങ്ങളിൽ ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകൾക്ക് രൂപം നൽകിയിട്ടുള്ളത്.

ജനാധിപത്യത്തിന്റെ കരുത്ത് തിരിച്ചറിയാൻ, ജനാധിപത്യ പ്രക്രിയയിൽ പൗരന്റെ കടമ മനസിലാക്കാൻ ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകളും ഈ കൈപ്പുസ്തകവും സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു

സ്നേഹത്തോടെ



**സഞ്ജയ് കൗൾ**
മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം


VVPAT

# വിഷയവിവരം


1. ആമുഖം ........................................................................................................
2. ലക്ഷ്യം ........................................................................................................
3. അംഗങ്ങൾ ....................................................................................................
4. ഘടന ..........................................................................................................
5. സോണൽ ഓഫീസറും ഉപദേഷ്ടാവും ..............................................................
6. നിർവാഹകസമിതി ..........................................................................................
7. കൺവീനർ ...................................................................................................
8. ഓഫീസിന്റെ കാലാവധി .................................................................................
9. സമ്മേളനസ്ഥലം ..............................................................................................
10. ELC സെഷനുകൾ .........................................................................................
11. പ്രവർത്തനങ്ങൾ ............................................................................................
12. സാമൂഹ്യമാധ്യമങ്ങളുടെ സാന്നിദ്ധ്യവും പിന്നിലാക്കലും .........................
13. അനിവാര്യമായ ചട്ടങ്ങൾ ................................................................................
14. അംഗവൈകല്യമുള്ള വിദ്യാർഥികളെ ഉൾപ്പെടുത്തൽ ................................
15. നിർദേശങ്ങളോടെയുള്ള പ്രവർത്തനങ്ങൾ ...................................................
    - (i) ജനാധിപത്യത്തിന്റെ ചുമർ ഉൽസാഹം ...............................................
    - (ii) ബാലറ്റ് ബിസ്ട്രോ ...................................................................................
    - (iii) യുവവോട്ടർമാരുടെ ആഘോഷം അഥവാ യുവസമ്മതിദായകന്റെ മഹോൽസവം ................................................
    - (iv) പ്രത്യേക പ്രചാരണം ..............................................................................
    - (v) വാദപ്രതിവാദം / പ്രസംഗമൽസരം ...................................................
    - (vi) ദേശീയ സമ്മതിദാനദിനാഘോഷം ....................................................
    - (vii) പ്രചോദിപ്പിക്കുന്നവരെ ക്ഷണിക്കൽ ..................................................
    - (viii) കോളേജ് മാസികയിലെ പ്രധാന കഥകൾ ..........................................
    - (ix) സാമൂഹ്യമാധ്യമങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനം .....
16. നിർദിഷ്ടപ്രവർത്തനങ്ങളുടെ പട്ടിക ..................................................................
17. വിഭവങ്ങൾ .....................................................................................................


#NO VOTER TO BE LEFT BEHIND
Happy International Women's Day
DEMOCRACY WALL
A QUITTER, BE A VOTER
जनता का यह पर्व है VOTE करना गर्व है
ONE COUNTRY MANY FACES RESPECT

## 1. തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ്ബ് - ആമുഖം

തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ്ബുകൾ രാജ്യത്ത് സ്ഥാപിച്ചത് പങ്കാളിത്തത്തിലൂടെയും രസകരമായ ഇടപെടലുകളിലൂടെയും എന്നാൽ പ്രായഭേദമെന്യേ നിഷ്പക്ഷമായും ഇന്ത്യൻ പൗരന്മാരിൽ തെരഞ്ഞെടുപ്പ് സാക്ഷരത വളർത്തുന്നതിനും ഉദ്ദേശിച്ചാണ്.

തെരഞ്ഞെടുപ്പു സാക്ഷരതാ ക്ലബ്ബുകൾ രാജ്യത്തുടനീളമുള്ള കോളേജുകളിൽ സ്ഥാപിച്ചിരിക്കുന്നത് ബിരുദതലത്തിലുള്ള പുതിയ വോട്ടർമാരെ ലക്ഷ്യംവച്ചാണ് (18 നും 21 നും ഇടയിലുള്ള പ്രായമുള്ളവർ).

എല്ലാ സെമസ്റ്ററുകളിലുംപെട്ട എല്ലാ വിദ്യാർഥികളും ഈ ക്ലബിൽ അംഗങ്ങളായിരിക്കും. താഴെപ്പറയുന്ന ഭാഗങ്ങൾ ELC എങ്ങനെയാണ് സൂക്ഷിക്കുന്നത്, ആരെല്ലാമാണ് ഇതിലെ പങ്കാളികൾ, കൺവീനർ എവിടെ യാണ് ഇത് സംഘടിപ്പിക്കേണ്ടത്, ഇതിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണം തുടങ്ങിയവയെക്കുറിച്ച് വിശദമായി പ്രതിപാദിക്കും.

## 2. ലക്ഷ്യങ്ങൾ

(i) ലക്ഷ്യമിട്ടവിഭാഗം വിദ്യാർഥികൾക്ക് വോട്ടറെ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ചും സമ്മതിദാനപ്രക്രിയയും അനുബന്ധപ്രവർ ത്തനങ്ങളും സംബന്ധിച്ചും പ്രായോഗിക പരിശീലനം നൽകുക).

(ii) പങ്കെടുക്കുന്നവർക്ക് EVM (ഇലക്ട്രോണിക് വോട്ടിങ് യന്ത്രം) VVPAT (വോട്ട് പുനഃപരിശോധിക്കുന്ന യന്ത്രം) പരിചയപ്പെടുത്തുകയും EVM-ന്റെ കരുത്തിനെക്കുറിച്ചും EVM ഉപയോഗിക്കുമ്പോൾ, തെരഞ്ഞെടുപ്പു പ്രക്രിയയുടെ അന്തസ്സ് ഉയരുമെന്നതിനെക്കുറിച്ചും വിദ്യാർഥികളെ ബോധവൽക്കരിക്കുക.

(iii) ലക്ഷ്യമിട്ട സഭാവാസികളെ അവരുടെ വോട്ടിന്റെ മൂല്യത്തെക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കുകയും തങ്ങളുടെ വോട്ടവകാശം ആത്മവിശ്വാസത്തോടെയും നിർഭയമായും നീതിപൂർവകമായും വിനിയോഗിക്കാൻ അവരെ സജ്ജരാക്കുകയും ചെയ്യുക.

(iv) സമർഥരായ തെരഞ്ഞെടുപ്പ് സാക്ഷരതാക്ലബ്ബ് അംഗങ്ങളെ സമൂഹത്തിലെ തെരഞ്ഞെടുപ്പ് സാക്ഷരതാ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുക.

v) അർഹരാണെങ്കിലും ഇതേവരെ രജിസ്റ്റർ ചെയ്യാത്ത അംഗങ്ങളെ രജിസ്റ്റർ ചെയ്യുന്നതിന് പ്രാപ്തരാക്കുക.

(vi) തെരഞ്ഞെടുപ്പു പ്രക്രിയയുടെ ഭാഗമാവാനും ധാർമികമായ തെരഞ്ഞെടുപ്പ് ഉറപ്പുവരുത്താനുമുള്ള ഒരു സംസ്കാരം അംഗങ്ങളിൽ വികസിപ്പിച്ചെടുക്കാനും എല്ലാ വോട്ടും വിലപ്പെട്ടത്, ഒരു വോട്ടും പാഴാക്കരുത് എന്ന തത്ത്വം പിന്തുടരാൻ അവരെ വളർത്തിയെടുക്കുകയും ചെയ്യുക.

## 3. അംഗങ്ങൾ

വിദ്യാർഥികളാണ് ക്ലബിലെ അംഗങ്ങൾ: ഒരു സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ സ്വയം രജിസ്റ്റർ ചെയ്ത് അവന് / അവൾക്ക് ക്ലബിൽ അംഗമാകാം. രജിസ്ട്രേഷനുശേഷം അവന്റെ / അവരുടെ ബിരുദകോഴ്സ് പൂർത്തിയാകുന്നതുവരെ അവർക്ക് ക്ലബ്ബിലെ അംഗങ്ങളായി പരിഗണിക്കും.

## 4. ഘടന

കോളേജിന്റെ സ്ഥാപനത്തിന്റെ പേരിനനുസരിച്ചാണ് തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ്ബുകൾ അറിയപ്പെടുക. ഇതിന്റെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നത് കൺവീനറാണ്. ഒരു കോളേജിന് ഒരു തെരഞ്ഞെടുപ്പു സാക്ഷരതാ ക്ലബ്ബ് എന്നതാണ് നിർദേശം. എന്നിരുന്നാലും ആവശ്യം വരികയാണെങ്കിൽ ഒരേ അധ്യായം തന്നെ സർവകലാശാല വ്യത്യസ്ത വകുപ്പുകളിൽ / സ്കൂളുകളിൽ അവതരിപ്പിക്കാവുന്നതാണ്. എങ്ങനെ മുന്നോട്ടു പോകണമെന്ന് സ്ഥാപനത്തിനുതന്നെ തീരുമാനിക്കാവുന്നതാണ്.

## 5. നോഡൽ ഓഫീസർ/ ഉപദേഷ്ടാവ്

കോളേജ് പൊളിറ്റിക്കൽ സയൻസ് വകുപ്പിലെ ഒന്നോരണ്ടോ അധ്യാപകർ നോഡൽ ഓഫീസർമാരായി പ്രവർത്തിക്കേണ്ടതാണ്. അവർ അവരുടെ കീഴിലുള്ള യഥാക്രമത്തിലുള്ള തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ്ബുകളുടെ ഉപദേഷ്ടാക്കളായും പ്രവർത്തിക്കും. തെരഞ്ഞെടുപ്പ് ഡ്യൂട്ടി ചെയ്ത് പരിചയമുള്ള അധ്യാപകർക്ക് ഈ ജോലിയിൽ മുൻഗണന നൽകണം. അവരുടെ ജോലിയുടെ ഉള്ളടക്കം താഴെപ്പറയുന്ന കാര്യങ്ങ ളിൽ ശ്രദ്ധചെലുത്തണം.

i. ക്ലബ്ബിൽ അംഗങ്ങളെ ചേർക്കുന്നതിന്റെ മേൽനോട്ടവും പ്രോൽ സാഹിപ്പിക്കലും.

ii. തെരഞ്ഞെടുപ്പിന് മേൽനോട്ടം വഹിക്കുകയും തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ്ബിന്റെ നിർവാഹകസമിതി രൂപീകരിക്കുകയും ചെയ്യൽ.

iii. വിഭവങ്ങളുടെ കൈമാറ്റ വിവരശേഖരണം മുതലായ കാര്യങ്ങളിൽ ജില്ലാ തെരഞ്ഞെടുപ്പു ഓഫീസറെയും തെരഞ്ഞെടുപ്പു സാക്ഷരതാ ക്ലബ്ബിനെയും ഏകോപിപ്പിക്കുന്നു.

iv. പുതിയ വിഭവങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി പരിശ്രമിക്കുകയും അത് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

v. നിർവാഹകസമിതി തയാറാക്കുന്ന ഒരു വർഷത്തെ കലണ്ടർ പ്രവർത്തനങ്ങൾക്ക് മാർഗദർശനം നൽകുകയും മേൽനോട്ടം നടത്തുകയും ചെയ്യുക.



തെരഞ്ഞെടുപ്പു സാക്ഷരതാ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് നിർവാഹക സമിതിയംഗങ്ങളെ ചുമതലപ്പെടുത്തുന്ന കാര്യത്തിൽ നോഡൽ ഓഫീസർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാം.

**6. നിർവാഹകസമിതി**

i. ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത് പ്രതിനിധികളുൾക്കൊള്ളുന്ന സംഘമാണ്. തെരഞ്ഞെടുപ്പ്സാക്ഷരതാ ക്ലബ്ബിന്റെ അംഗങ്ങളായ വിദ്യാർഥികളിൽ നിന്ന്തെരഞ്ഞെടുക്കപ്പെട്ട ഒരു സംഘവും ഓരോ ക്ലാസ്സിലേയും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ചേർന്നാണ്.

ii. ഈ സമിതിയുടെ അംഗങ്ങൾ വോട്ടർമാരായി പേരുചേർത്തിട്ടുള്ള വിദ്യാർഥികൾ മാത്രമായിരിക്കും.

iii. ഈ സമിതിയിൽ രാഷ്ട്രീയത്തിൽ സജീവമായ വിദ്യാർഥികൾ അംഗങ്ങളായിരിക്കരുത്. എന്നിരുന്നാലും രാഷ്ട്രീയ പാർട്ടികളിൽ അംഗങ്ങളായ വിദ്യാർഥികൾക്ക് ELC യിലെ പൊതു അംഗങ്ങളായി പേരുചേർക്കാവുന്നതാണ്.

iv. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഉൾക്കൊള്ളുന്നതാണ് തെരഞ്ഞെടുപ്പു സക്ഷരതാ ക്ലബ്ബ്.

v. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഒരു പ്രതിനിധിയെ ചെയർമാനായും മറ്റൊരാളെ വൈസ് - ചെയർമാനായും തെരഞ്ഞെടുക്കും.

vi. നോഡൽ ഓഫീസറിന്റെ മാർഗനിർദേശം, വിദഗ്ധോപദേശം, മേൽനോട്ടം എന്നിവയനുസരിച്ച് പ്രവർത്തിക്കുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ELC യുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്.

vii. തെരഞ്ഞെടുക്കപ്പെട്ട സംഘം തെരഞ്ഞെടുപ്പിൽ പങ്കാളിയാവുന്നതിനായുള്ള ഒരു സംസ്കാരം തെരഞ്ഞെടുപ്പു സാക്ഷരതാക്ലബ്ബ് അംഗങ്ങൾക്കിടയിൽ വളർത്തിയെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നതു കൂടാതെ താഴെ പറയുന്ന ചുമതലകൾ കൂടി നിർവഹിക്കേണ്ടതാണ്.

   i. തെരഞ്ഞെടുപ്പ്സാക്ഷരതാ ക്ലബ്ബിൽ അംഗങ്ങളെ ചേർക്കുന്നത് ആസൂത്രണം ചെയ്യൽ.

   ii. ELC ക്കുവേണ്ടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ആ വർഷത്തെ പ്രവർത്തനങ്ങുടെ കലണ്ടർ തയാറാക്കുകയും ചെയ്യൽ.

   iii. ELC യുടെ പ്രവർത്തനങ്ങൾ സുഗമമായ നടത്തിപ്പിന് ആവശ്യ മായ കൂടുതൽ മാർഗനിർദേശങ്ങൾക്ക് രൂപം കൊടുക്കൽ.

   iv. കലണ്ടർ അനുസരിച്ചുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടം നടത്തൽ.

   v. ELC ക്കുവേണ്ട വിഭവങ്ങൾ ഉൽപ്പാദിപ്പിക്കൽ.

   vi. വോട്ടർമാരായി രജിസ്റ്റർ ചെയ്തിട്ടില്ലാത്ത വിദ്യാർഥികളുടെ പേരുചേർക്കൽ സുഗമമാക്കൽ.

**7. കൺവീനർ**

ക്യാമ്പസ് അംബാസിഡർമാരായ ഇവർ എവിടെ നിയമിക്കപ്പെടുന്നുവോ അവിടെ ELC യുടെ കൺവീനറായി പ്രവർത്തിക്കുകയും നോഡൽ ഓഫീസറെ അവരുടെ ചുമതലകൾ

നടപ്പാക്കുന്നതിന് സഹായിക്കുകയും ചെയ്യും. കാമ്പസ് അംബാസിഡർമാരെ നിയമിച്ചിട്ടില്ലെങ്കിൽ നോഡൽ ഓഫീസർമാരും നിർവാഹകസമിതിയും ചേർന്ന് താൽപ്പര്യമുള്ള വിദ്യാർഥിയെ/ വിദ്യാർഥികളെ കൺവീനർമാരായി നാമനിർദേശം ചെയ്യാം. കൺവീനർ താഴെപറയുന്ന കാര്യങ്ങൾ ചെയ്യാൻ ബാധ്യസ്ഥനാണ്.

i. അംഗങ്ങളായ വിദ്യാർഥികളെ തിരിച്ചറിയുകയും അവരെ വിവിധങ്ങളായ ELC പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യൽ.

ii. നിർവാഹകസമിതിയുടെയും ഉപദേഷ്ടാവ് /നോഡൽ ഓഫീസറുടെ മുഴുവൻ മേൽനോട്ടത്തിൽ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യൽ.

iii. നിർവാഹകസമിതിയും ഉപദേഷ്ടാവോ / നോഡൽ ഓഫീസറോ ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും കർത്തവ്യം.

## 8. പദവിയുടെ കാലാവധി

i. തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ്ബിന്റെ നിർവാഹകസമിതിക്കും കൺവീനർ (മാർ)ക്കും അവർ ചുമതലയേറ്റതുമുതൽ 1 വർഷം മുതൽ രണ്ടുവർഷം വരെ കാലാവധിയുണ്ടാവും. നോഡൽ ഓഫീസറാണ് പദവിയുടെ കാലാവധി സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത്.

ii. പ്രതിനിധികൾ ELC -യിലെ അംഗങ്ങളായി രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണ്.

## 9. Venu (സമ്മേളനസ്ഥലം)

ഏതെങ്കിലുമൊരു ക്ലാസ്സുറൂമും ക്ലാസ്സുകഴിഞ്ഞശേഷം സമ്മേളന സ്ഥലമായി ഉപയോഗിക്കുകയോ അതല്ലെങ്കിൽ മറ്റേതെങ്കിലും സമ്മേളന സ്ഥലം നിർവാഹകസമിതിക്ക് തീരുമാനിക്കുകയോ ചെയ്യാം. വിവിധതരം പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി സമ്മേളനസ്ഥലത്തിൽ മാറ്റം വരാവുന്നതാണ്.

## 10. ELC സെഷനുകൾ

സെഷനുകളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കണം. അവർക്കുവേണ്ടി ഉദ്ദേശിച്ചിട്ടുള്ള മണിക്കൂറുകൾ / സെഷനുകൾ ഒരു സാമ്പത്തികവർഷത്തിൽ 8 മുതൽ 10 വരെയായിരിക്കണം. ELC കോളേജിലെ മുഴുവൻ വിദ്യാർഥികൾക്കും പൊതുവായുള്ളതായിരിക്കും.

## 11. പ്രവർത്തനങ്ങൾ

കോളേജിലേക്കുവേണ്ടിയുള്ള ഈ തെരഞ്ഞെടുപ്പ് സാക്ഷരതാ പഠനസഹായി പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദവിവരണം ഉൾക്കൊള്ളുന്നു. വോട്ടറുടെ വിദ്യാഭ്യാസത്തിനു ഊന്നൽ കൊടുക്കുന്നതിനാൽ നിർവാഹകസമിതിക്ക് പ്രവർത്തനങ്ങൾ പരിഷ്കരിക്കുന്നതിനും പുതിയവയ്ക്കു രൂപം നൽകുന്നതിനും സ്വാതന്ത്ര്യമുണ്ടായിരിക്കും. ഈ പ്രവർത്തനങ്ങളിൽ ചുമർമാസിക ഒരു മാസത്തേക്ക് സവിശേഷമായുള്ളതും ക്ലബുകൾ നടപ്പാക്കേണ്ടതുമാണ്. ബാലറ്റ് ബിസ്ട്രോയും സ്പെഷ്യൽ രജിസ്ട്രേഷൻ പ്രവർത്തനവും നിർബന്ധമായ പ്രവർത്തനങ്ങളാണ്.

## 12. സാമൂഹ്യമാധ്യമങ്ങളുടെ സാന്നിദ്ധ്യവും പരിധി ലംഘിക്കലും (out reach)

i. തെരഞ്ഞെടുപ്പു സാക്ഷരതാ ക്ലബിന്റെ നിർവാഹകസമിതി പ്രസക്തമായ ഉള്ളടക്കം (സംഭവങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനങ്ങൾ പുതുക്കൽ, ഫലങ്ങൾ, പുതിയ സംരംഭങ്ങൾ, ആനുകാലിക വിഷയങ്ങൾ ഓൺ ലൈൻ / ഓഫ് ലൈൻ മൽസരങ്ങൾ രജിസ്ട്രേഷൻ പ്രവർത്തനം മുതലായവ) തുടർച്ചയായി അർപ്പണബോധമുള്ള ഫേസ്ബുക്ക് പേജിലേയും ഗ്രൂപ്പിലും യു ട്യൂബ് ചാനലിലും (സംഭവങ്ങളുടെ തൽസമയ പ്രക്ഷേപണം, റിക്കോർഡ് ചെയ്തതും സമാനമായ ഉള്ളടക്കവും) നോഡൽ ഓഫീസറുടെ / ഉപദേഷ്ടാവിന്റെ (സ്ഥിരം) യും ആനുകാലിക കമ്മിറ്റിയുടെയും (ഒരു കൊല്ല കാലയളവ്) നേതൃത്വത്തിൽ പരസ്യപ്പെടുത്തു മെന്ന് പ്രതീക്ഷിക്കുന്നു.

ii. കൂടാതെ നിർവാഹകസമിതി പ്രധാനപ്പെട്ട പരസ്പര ബന്ധമുള്ള വസ്തുക്കൾ തുടർച്ചയായി ഏത് ഉള്ളടക്കവും ബോർഡിലൂടെയും ഇൻസ്റ്റഗ്രാം ചിത്രങ്ങളിലും പ്രൊഫൈയലുകൾ നിലനിർത്തിക്കൊണ്ട് പരസ്യപ്പെടുത്തുമെന്നും പ്രതീക്ഷിക്കുന്നു. ഓൺലൈനായി പരസ്യ പ്പെടുത്തുമ്പോൾ ഏറ്റവും നല്ല തീരുമാനവും പൂർണമായ നിഷ്പക്ഷതയും വിവേചനവും അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായിരി ക്കേണ്ടതാണ്.

iii. കോളേജ് / സർവകലാശാല തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ്ബുകളും ഫേസ്ബുക്ക്, യുട്യൂബ് പ്രൊഫൈലുകളെ (മാതൃകകളെ) തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഫേസ്ബുക്ക് പേജുമായും ഔദ്യോഗിക യൂട്യൂബ് ചാനലുമായും ഏകോപിപ്പിക്കുക.

*കുറിപ്പ്: കോളേജ്/സർവകലാശാലാ തെരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ്ബുകൾ മറ്റു ഓൺലൈ നിലെയും സാമൂഹ്യ മാധ്യമങ്ങളിലെയും വേദികൾ ഉപയോഗപ്പെടുത്തി അവരുടെ പ്രവർത്ത നത്തിന്റെ വ്യാപ്തി വർധിപ്പിക്കാവുന്നതാണ്.*

## 13. നിർബന്ധ നിയമങ്ങൾ

(i) ELC യ്ക്ക് ഒരു രാഷ്ട്രീയപാർട്ടിയുമായും ഗ്രൂപ്പുമായും കൂട്ടുകെട്ടുണ്ടാവാൻ പാടില്ല.

(ii) തെരഞ്ഞെടുപ്പു സാക്ഷരതാ ക്ലബ്ബിന്റെ ഒരു പ്രവർത്തനവും (പ്രചോദനം നൽകുന്നവരെ ക്ഷണിക്കൽ തെരഞ്ഞെടുപ്പ് ഉൽസവവും മറ്റു സാംസ്കാരിക പ്രവർത്തനങ്ങൾ) വിഭാഗീയ ശക്തികളുടെ സ്വാധീനത്തിനുവഴങ്ങുന്ന തരത്തിലാവരുത്.

(iii) പങ്കാളിത്തത്തെപ്പറ്റി ചിന്തിക്കയാണെങ്കിൽ വിദ്യാർഥികൾക്ക് അവരുടെ രാഷ്ട്രീയ ചായ്വ് പരിഗണിക്കാതെ തെരഞ്ഞെടുപ്പ് സാക്ഷരതാ പ്രവർത്തനങ്ങളിൽ സ്വതന്ത്രമായി പങ്കെടുക്കാവുന്നതാണ്.

(iv) നിർവാഹകസമിതിക്ക് അതിന്റെ കാലയളവിനുശേഷം ഒരു വാർഷിക റിപ്പോർട്ട് തയാറാക്കേണ്ട ചുമതലുയുണ്ട്. ഈ വാർഷിക റിപ്പോർട്ട് നടത്തിയ പ്രവർത്തനങ്ങൾ (ഓൺലൈൻ ആയും ഓഫ് ലൈൻ ആയും) നിർവഹിച്ച ചുമതലകൾ ആ വർഷം രേഖപ്പെടുത്തിയ ഫലങ്ങൾ ഇവയുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്നതാവണം. നോഡൽ ഓഫീസറിലൂടെ റിപ്പോർട്ട് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർക്ക് സമർപ്പിക്കണം.

## 14. അംഗവൈകല്യമുള്ള വിദ്യാർഥികളെ ഉൾപ്പെടുത്തൽ

എല്ലാവരെയും ഉൾക്കൊള്ളുന്ന ക്ലബ്ബാണ് ELC. അംഗവൈകല്യമുള്ള വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ എല്ലാ ശ്രമവും നടത്തേണ്ടതാണ്.

* കൺവീനർ ഇവരെ ഉൾപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നടത്തേണ്ടതും മറ്റു ക്ലബ്ബിലെ അംഗങ്ങളെയും ബോധവൽക്കരിക്കേണ്ടതുമാണ്.
* അവർക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ സമ്മേളനസ്ഥലം സ്കൂൾ കെട്ടിടത്തിന്റെ ഗ്രൗണ്ട്ഫ്ളോറിൽ (താഴത്തെ ഫ്ളോറിൽ) ആയിരിക്കേണ്ട താണ്.
* ശ്രവണവൈകല്യമുള്ള കുട്ടി യോഗത്തിൽ പങ്കെടുക്കുന്നുണ്ടെങ്കിൽ ആംഗ്യഭാഷാ വിദഗ്ധനെ ആ കുട്ടിയുടെ സൗകര്യാർഥം ഏർപ്പെടുത്തേണ്ടതാണ്. (വ്യാഖ്യാതാവ് വിദ്യാർഥിയോടൊപ്പം സഹായിയായി നിൽക്കുന്ന ആൾ ആകാവുന്നതാണ്).
* ക്ലബ്ബിൽ സംഘടിപ്പിക്കുന്ന ഒരു പ്രവർത്തനത്തിൽ നിന്നും അംഗവൈകല്യമുള്ള വിദ്യാർഥിയെ ഒഴിവാക്കാൻ പാടില്ല.
* അംഗവൈകല്യമുള്ള വിദ്യാർഥികളുടെ ന്യായമായ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

# 15. നിർദേശങ്ങളോടുകൂടിയ പ്രവർത്തനങ്ങൾ

## പ്രവർത്തനം : ജനാധിപത്യത്തിന്റെ ചുമർ

തെരഞ്ഞെടുപ്പു സാക്ഷരതാ വിജ്ഞാനം രസകരവും ക്രിയാത്മകവും പങ്കാളിത്തത്തോടും നടപ്പാക്കുകയും കൈമാറുകയും ചെയ്യുകയും എല്ലാ വിദ്യാർഥികളുടെയും പങ്കാളിത്തം പ്രോൽസാഹിപ്പിക്കുകയും ചെയ്യണമെന്നതാണ് ചുവർമാസികയുടെ പിന്നിലുള്ള ഉദ്ദേശ്യം.

ഈ ആവശ്യത്തിനായി കോളേജിന്റെ പ്രധാനപ്പെട്ട ഒരു ഭാഗം ഉപയോഗിക്കാം. ഇതിനെ "ജനാധിപത്യത്തിന്റെ ചുമർ" എന്നു വിളിക്കാം. ഈ ചുമർ തെരഞ്ഞെടുപ്പു സാക്ഷരതയുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ ഉൾക്കൊള്ളാവുന്നതാണ്. അവ ഒട്ടിയ്ക്കുകയോ, പിൻ ചെയ്യുകയോ അനുവദിയ്ക്കുകയാണെങ്കിൽ പെയിന്റ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

കോളേജ് അധികാരികൾ ഒരു ചുവരിന്റെ സ്ഥലമോ പ്രദർശന ബോർഡോ സ്കൂളിന്റെ പ്രത്യേക ഇടനാഴിയിൽ അനുവദിക്കണം. ചുമർ മാസികയുടെ (പ്രതിപാദ്യം) മാസം തോറും മാറ്റേണ്ടതാണ്.

### ക്രമീകരണം

1. കാര്യനിർവാഹക സമിതിയുടെ മാർഗനിർദേശത്തിൽ തെരഞ്ഞെടുപ്പു സാക്ഷരതാ ക്ലബ് ചുമർമാസിക പരിപാലിക്കണം. ഒരു സംഘം അംഗങ്ങൾ പ്രധാന ടീമായി പ്രവർത്തിച്ച് ചുമർമാസിക പരിപാലിക്കേണ്ടതാണ്.
2. ചുമർ മാസികയും പ്രതിപാദ്യത്തിൽ ഓരോ മാസവും മാറ്റം വരുത്തേണ്ടതാണ്.
3. എല്ലാ സെമസ്റ്ററിലുംപെട്ട വിദ്യാർഥികളിൽ നിന്നും ചുമർ മാസികയിലേക്ക് ലേഖനങ്ങളായും ഉപന്യാസങ്ങളായും കവിതകളായും സ്കെച്ചുകളായും കത്തുകളായും വാക്കുകൊണ്ടുള്ള കളികളായും മറ്റും മറ്റും സംഭാവനകൾ ക്ഷണിക്കാവുന്നതാണ്.
4. വിദ്യാർഥികളിൽ നിന്നും ലഭിക്കുന്ന സംഭാവനയനുസരിച്ച് പ്രതിപാദ്യത്തിലെ ഉള്ളടക്കം ഒരാഴ്ചയോ അല്ലെങ്കിൽ രണ്ടാഴ്ചയോ കഴിയുമ്പോൾ മാറ്റേണ്ടതാണ്.
5. ചുമർ മാസികയിൽ ആ മാസം നടത്താനുദ്ദേശിക്കുന്ന ELC പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ പ്രദർശിപ്പി ക്കാവുന്നതാണ്.
6. ചുമർ 4 പ്രധാനഭാഗങ്ങളായി വിഭജിക്കേണ്ടതാണ്.

| ഭാഗം 1 | ഭാഗം 2 |
|---|---|
| ഇതിൽ ഇലക്ഷനുമായി ബന്ധപ്പെട്ട പേരുകളും പ്രമേയവുമായി ബന്ധപ്പെട്ട അടിസ്ഥാനകാര്യങ്ങളും രേഖപ്പെടുത്തണം. | ഇതിൽ പ്രദർശിപ്പിക്കുന്നത് നിലവിലുള്ള പ്രമേയം സംബന്ധിച്ച് വിദ്യാർഥികളിൽ നിന്നുള്ള സംഭാവനകളാണ് (ഇത് ഇലക്ഷൻ പ്രക്രിയയുടെ വിവിധ വശങ്ങൾ അടിസ്ഥാനമാക്കിയായിരിക്കും) ഈ കഥകൾ വിദ്യാർഥികൾ സ്വയം വികസിപ്പിച്ചെടുക്കുന്നതും ചിത്രങ്ങളുടെ സഹായത്തോടെ വിശദീകരിക്കുന്നതുമായിരിക്കും. ഈ ഭാഗത്ത് ഇടയ്ക്ക് തെരഞ്ഞെടുപ്പ് കഥകളുമായി ബന്ധപ്പെട്ട ബാലറ്റിൻ വിശ്വാസവും പ്രമേയങ്ങളും പ്രദർശിപ്പിക്കാം. |
| **ഭാഗം 3** | **ഭാഗം 4** |
| ഇവിടെ സഭാവാസികളുടെ ശ്രദ്ധേയമായ പ്രതികരണങ്ങൾ പ്രമേയവുമായി ബന്ധപ്പെട്ട ഇതുപോലുള്ള ചോദ്യങ്ങൾ ക്ഷണിക്കുന്നു.<br>* നിങ്ങൾ വോട്ടുചെയ്യാൻ യോഗ്യനാണോ? നിങ്ങൾ വോട്ടുചെയ്യാൻ തയാറെടുത്തോ? എങ്ങനെയാണ് ഒരു വോട്ടറായി മാറുക?<br>ഈഭാഗത്തിൽ വിദ്യാർഥികൾക്ക് പ്രതികരിക്കാനാവശ്യമായ ഇടം നൽകുന്നതാണ്. | ഈ ഭാഗത്ത് തെരഞ്ഞെടുപ്പു സാക്ഷരതാ ക്ലബുകൾ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനങ്ങളും വിവരണങ്ങളും അടങ്ങിയിരിക്കും. ഇതിന്റെ ഒരുഭാഗം കാഴ്ചക്കാർക്ക് ചോദ്യങ്ങൾ ഉന്നയിക്കുന്നതിനായി ഒഴിച്ചിടും.<br>ബന്ധപ്പെടാനുള്ള ജില്ലാ കേന്ദ്രത്തെ (തെരഞ്ഞെടുപ്പ്)ക്കുറിച്ച് പ്രാധാന്യത്തോടെ പ്രദർശിപ്പിക്കേണ്ടതാണ്. |

**കാലയളവ്**

എല്ലാ മാസവും പുതിയ പ്രമേയത്തോടുകൂടി ചുമർമാഗസിൻ അപ് ഡേറ്റ് ചെയ്യേണ്ടതാണ്. ചുമർമാഗസിനിലെ ഉള്ളടക്കം വിദ്യാർഥികളിൽ നിന്നുള്ള സംഭാവനയുടെ അളവനുസരിച്ച് ആഴ്ചതോറുമോ മാറ്റം വരുത്താവുന്നതാണ്.

**ചുമർ മാസികയ്ക്കായി നിർദേശിക്കുന്ന പ്രമേയങ്ങൾ**

താഴെപ്പറയുന്നവയാണ് ചുമർ മാസികയ്ക്കായി നിർദേശിക്കുന്ന പ്രമേയങ്ങൾ.

1. ജനാധിപത്യം: ജനങ്ങളുടെ, സർക്കാർ, ജനങ്ങളാലുള്ള സർക്കാർ, ജനങ്ങൾക്കുവേണ്ടിയുള്ള സർക്കാർ.
2. എന്റെ വോട്ട് എന്റെ അവകാശം / ഒരു വോട്ടിന്റെ മൂല്യം.
3. എല്ലാവരേയും ഉൾക്കൊള്ളുന്ന തെരഞ്ഞെടുപ്പ്: എല്ലാവോട്ടും എണ്ണുമ്പോൾ ഒരുപോലെ.
4. ധാർമികവും നേരത്തെ അറിയിച്ചതുമായ തെരഞ്ഞെടുപ്പ്.
5. മാതൃകാ പെരുമാറ്റച്ചട്ടം
6. വോട്ടിന്റെ രഹസ്യസ്വഭാവം.
7. തെരഞ്ഞെടുപ്പിന്റെ അന്തസ്സ് EVM ലൂടെയും VVPAT യിലൂടെയും ഉയർത്തണം.
8. നിങ്ങളുടെ സ്ഥാനാർഥിയെ അറിയുക.
9. ദേശീയ സമ്മതിദാനദിനം.
10. തെരഞ്ഞെടുപ്പു മാനിഫെസ്റ്റോ.
11. എക്സിസ്റ്റ് ആൻഡ് ഓപ്ഷൻ പോൾസ്.
12. സാമൂഹ്യമാധ്യമങ്ങളും രാഷ്ട്രീയ പ്രചാരണവും.
13. എല്ലാവരെയും ഉൾക്കൊള്ളുന്ന തെരഞ്ഞെടുപ്പുകൾ തെരഞ്ഞെടുപ്പ് ഉൽസവം.

## പ്രവർത്തനം : ബാലറ്റ് ബിസ്ട്രോ

റിവൈവിങ് ദ റെട്രോ കൾച്ചർ ഓഫ് കോഫിഹൗസ് ചർച്ചകൾ ബാലറ്റ് ബ്രിസ്ട്രോ തീർച്ചയായും ഉൾക്കൊള്ളുന്നത് കോളേജ് കാന്റീ നിലും കഫേകളിലും നടത്തുന്ന ചർച്ചയും യുവാക്കളെ ഉൾപ്പെടുത്തുന്നതും തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കുകയും മുഴുകുകയും പങ്കാളിത്തം വഹിക്കുകയും ചെയ്യേണ്ടതിനെക്കുറിച്ചുള്ള ചർച്ചയും മോഡറേറ്റ് ചെയ്യുന്നത് ELC അംഗങ്ങളാണ്.



### പങ്കെടുക്കുന്നവർ

തെരഞ്ഞെടുപ്പ് ഉൽസവം ELC അംഗങ്ങൾക്കുള്ള നിർബന്ധിതമായ പ്രവൃത്തിയാണ്. ELC അംഗത്വമില്ലാത്തവർക്കും ബിസ്ട്രോ സെഷനിൽ പങ്കെടുക്കുന്നതിൽ ഒരു തടസ്സവുമില്ല.

### നടപടി ക്രമം

ആ ദിവസത്തെ പ്രമേയത്തെക്കുറിച്ച് ഹാജരായവരോടെല്ലാം മുന്നോട്ടുവരാൻ വിഷയത്തിലുള്ള അവരവരുടെ അഭിപ്രായം പ്രകടമാ ക്കാനും ആവശ്യപ്പെട്ട് സഭ ആരംഭിക്കുന്നു. സാരാംശത്തിൽ അനൗപ ചാരികമാണെങ്കിൽ ബാലറ്റ് ബിസ്ട്രോയിൽ പങ്കെടുക്കുന്നവർ സംഭവ വികാസങ്ങളിൽ ഊർജസ്വലരായി മുഴുകുമെന്നും അവരവരുടേതായ സംഭാവന നൽകുമെന്നും പ്രതീക്ഷിക്കപ്പെടുന്നു. സെഷൻ ഇംഗ്ലീഷും പ്രാദേശികഭാഷയും ചേർന്ന ഒരു മിശ്രിതം പോലെ നടപ്പാക്കുന്നകാര്യം ഉറപ്പുവരുത്താൻ തെരഞ്ഞെടുപ്പു സാക്ഷരതാ ക്ലബ്ബ് ശ്രദ്ധിക്കേണ്ടതാണ്. മുഴുവനായും അടിസ്ഥാനപരമായ സംഭവമായതിനാലും വലിയ വിഭാഗത്തെ ELC അംഗങ്ങളെ ആകർഷിക്കുന്നതിനായി ഈ സംഭവം റിക്കാർഡു ചെയ്യുന്നതിനും സാമൂഹ്യമാധ്യമങ്ങളിൽ ലൈവ് ആയി കാണിക്കുന്നതിനും സ്വാതന്ത്ര്യമുണ്ട്.

**കാലദൈർഘ്യം :** 2 മണിക്കൂർ.

സാധ്യതയുള്ള പ്രമേയങ്ങൾ

ELC അംഗങ്ങൾ സ്വന്തമായി ബാലറ്റ് ബിസ്ട്രോയിലെ പ്രമേയങ്ങളുമായി വരികയോ താഴെപ്പറയുന്ന ലിസ്റ്റിലെ വിഷയങ്ങൾ പരിശോധിക്കുകയോ ചെയ്യുക.

* വോട്ടർക്ക് വിദ്യാഭ്യാസം നൽകൽ – വളരെ അത്യാവശ്യമായത്.
* വോട്ടെടുപ്പ് സംസ്ഥാനം നിർബന്ധമാക്കണം.
* എന്താണ് ഇന്ത്യയെ വോട്ടുചെയ്യാൻ പ്രേരിപ്പിക്കുന്നത്?
* തെരഞ്ഞെടുപ്പുകളിൽ ഉൾപ്പെടുക.
* ഓൺലൈനായി വോട്ടുചെയ്യൽ: മുന്നോട്ടേക്കുള്ള വഴി അല്ലെങ്കിൽ പ്രധാനപ്പെട്ട പണ്ടോറയുടെ പെട്ടി തുറക്കൽ.
* ഗൗരവമേറിയ കുറ്റകൃത്യങ്ങൾക്ക് ആരോപണവിധേയരായ സ്ഥാനാർഥികൾ തെരഞ്ഞെടുപ്പുകളിൽ നിന്ന് അയോഗ്യരാക്കപ്പെടേണ്ടതല്ലേ?
* അഭിപ്രായ വോട്ടെടുപ്പ് തെരഞ്ഞെടുപ്പുകഴിഞ്ഞയുടെനെയുള്ള എക്സിറ്റ് പോളും നിയന്ത്രിക്കുകയും ക്രമീകരിക്കുകയും വേണം.
* EVM / VVPAT ബോധവൽക്കരണം.
* നിങ്ങൾ ആഗ്രഹിക്കാത്തതിനെ അറിയുക. NOTA.”

## പ്രവർത്തനം യുവവോട്ടർമാരുടെ ഉൽസവം
## അഥവാ
## യുവവോട്ടറുടെ മഹോൽസവം

ഒന്നിടവിട്ട സെമസ്റ്ററിലെ അംഗങ്ങൾക്കുവേണ്ടി സംഘടിപ്പിക്കുന്ന 1–2 ദിവസം നീണ്ടുനിൽക്കുന്ന ഉൽസവസംഭവമാണിത്. ഈ സംഭവം പട്ടണത്തിലുള്ള മുഴുവൻ കോളേജുകളിലോ അതല്ലെങ്കിൽ അതേ കോളേജിൽ മാത്രമായോ സംഘടിപ്പിക്കുന്നത് എന്നതിൽ വിദ്യാർഥികൾക്ക് തീരുമാനമെടുക്കാം. ഈ ഉൽസവം / മഹോൽസവം എല്ലാ കോളേജു സമൂഹങ്ങളിലുമുള്ള അംഗങ്ങളെയും യോജിപ്പിച്ച് ഒരു കൂട്ടം സംഭവങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയും. കുറച്ച് സംഭവങ്ങളെക്കുറിച്ചുള്ള നിർദേശങ്ങൾ കലാമൽസരങ്ങൾ ചുവരെഴുത്ത് മരത്തിൽ ചിത്രം ഗ്രാഫിറ്റ്, ഉൾപ്പെടെ പോസ്റ്ററുകൾ കല്ലച്ചടി (കല്ലിൽ കൊത്തിയത്) മൽസരങ്ങൾ.

കോളേജ് / സർവകലാശാല ELC ക്ക് സൗകര്യപ്പെടുത്താം. കോളേജു കൾക്കിടയിലും സർവകാലാശാല തലത്തിലും കലാമൽസരങ്ങൾ പരസ്പരം പ്രവർത്തിക്കാവുന്ന മാധ്യമമായി യുവാക്കളിൽ ബോധവൽക്കരണം നടത്താനും യുവാക്കളെ സെൻസിറ്റിസ് തെരഞ്ഞെടുപ്പ്, ഇഷ്യൂഡ് തെരഞ്ഞെടുപ്പ് പ്രക്രിയ, ജനാധിപത്യം, ഇവയെക്കുറിച്ചും തെരഞ്ഞെടുപ്പ് സാമാന്യമായും.



### മൂകാഭിനയം / തെരുവ് നാടകങ്ങൾ റോഡ് ഷോകൾ

കോളേജ് സർവകലാശാലാ നാടകസംഘവുമായി ഒത്തുചേർന്ന് Mood Indigo, Antaragni, OASIS, Malhar, സങ്കേതം പോലുള്ള പ്രധാന യുവജനോൽസവങ്ങളിൽ അവതരിപ്പിച്ച സങ്കേതം

.

### ഫോട്ടോഗ്രാഫി മൽസരം, സിനിമാ പ്രദർശനം, ഷോർട്ട് ഫിലിം നിർമാണമൽസരം

കോളേജിലെ / സർവകലാശാലയിലെ ഫോട്ടോഗ്രാഫി സമൂഹ വുമായും ഫിലിം സൊസൈറ്റിയുമായിച്ചേർന്ന് സിനിമകൾ, ഡോക്യു മെന്ററികൾ, നിശ്ചലചിത്രങ്ങൾ ഇവയിലൂടെ വ്യക്തമായ സന്ദേശം നൽകാനും പരിഗണനയിലുള്ള വിഷയത്തെക്കുറിച്ച് വ്യക്തമായ ബോധം കാഴ്ചക്കാരിൽ ഉണ്ടാക്കാനും കഴിയും - അതായത് തെരഞ്ഞെടുപ്പ് പ്രക്രിയ, തെരഞ്ഞെടുപ്പുകൾ, ജനാധിപത്യരീതിയിൽ പൗരന്റെ കടമകളും ചുമതലകളും അവ പ്രേരകവസ്തുക്കളായി പ്രവർത്തിക്കുകയും അവ ഫലപ്രദമായി ഉപയോഗിച്ചാൽ സ്വഭാവപരിവർത്തനത്തിന് സഹായക മാവുകയും ചെയ്യും.

കോളേജിലെ / സർവകലാശാലയിലെ സാധാരണ വിദ്യാഥികളോടു കൂടിയാലോചിച്ച് ഷോർട്ട് ഫിലിം നിർമാണ മൽസരത്തിന്റെയും ഫോട്ടോഗ്രാഫി മൽസരത്തിന്റെയും വിഷയം/പ്രമേയം ELC ബോർഡ് മുൻകൂറായി പ്രഖ്യാപിക്കും. അതേപോലെ സ്ഥാപന ത്തിലെ വിദ്യാർഥികളുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പ്രദർശിപ്പിക്കാനുള്ള സിനിമകൾ തെരഞ്ഞെടുക്കുന്നത്. തുടർനടപടികൾ, പഠനം, വിശകലന സെഷൻ സ്ക്രീനി ങ്ങിനു ശേഷമുള്ള പ്രവർത്തനം ഇവയൊക്കെ അറിയിക്കുന്നത് ELC യാണ്.



## നൃത്ത / സംഗീത മൽസരങ്ങൾ

കോളേജിലെ ഡാൻസ്, സംഗീത സൊസൈറ്റിയുമായി ചേർന്നാണ് മൽസരങ്ങൾ സംഘടിപ്പിക്കുന്നത്. പ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള കഥ പറച്ചിലിനുവേണ്ട സംഭവങ്ങൾ ക്ഷണിക്കുകയും നൃത്തത്തിലൂടെയും താളമേളങ്ങളിലൂടെയും യുവത്വത്തിന് ചെയ്യാൻ പ്രചോദനം നൽകുകയും ചെയ്യുന്നു. സമാന്തരമായി വ്യക്തിപരമായി ELC അംഗങ്ങൾക്ക് മുകളിൽ പ്പറഞ്ഞ പ്രവർത്തനം ഏറ്റെടുക്കാവുന്നതും ഇതിനായി സാമ്പത്തിക വർഷത്തിലെ ഏതുസമയത്തും പ്രത്യേകമൽസരം സംഘടിപ്പിക്കാവുന്നതുമാണ്.

## റാപ്പ് സംഗീതവും കവിതാ സ്ലാംസ്

കോളേജിലെ / സർവകലാശാലയിലെ സാഹിത്യ സൊസൈറ്റിയുടെയോ സംഗീതസൊസൈറ്റിയുടെയോ സഹകരണത്തോടെ ഇന്റർ കോളേജുകൾക്കിടയിലും സർവകലാശാലാതലത്തിലും റാപ്പ് സംഗീത മൽസരവും കവിതാലാപനമൽസരവും യുവാക്കളെ ഉത്തേജിപ്പിക്കാനുള്ള ഉപകരണങ്ങളാണ്. ഇതിന്റെ തുടർച്ചയെന്നോണം പ്രതിനിധാനം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ, യുവാക്കൾ മാറ്റത്തിന്റെ പ്രതിനിധികൾ, ജനാധിപത്യം, തെരഞ്ഞെടുപ്പുകൾ, രാഷ്ട്രീയം, വോട്ടവകാശം ഇവയ്ക്ക് മാധ്യമങ്ങളിലൂടെ ഊന്നൽ നൽകേണ്ടതാണ്. വിദ്യാർഥികളുമായി നിരന്തരബന്ധം പുലർത്താൻ ഇത്തരം മൽസരങ്ങൾ സമയബന്ധിതമായി നടത്താൻ ELC ശ്രദ്ധിക്കേ ണ്ടതാണ്. ഓൺലൈൻ കവറേജ് ലഭിക്കുന്നതിനാൽ ഒരു പ്രത്യേക ജൂറിയെ ക്ഷണിക്കു കയോ ജനകീയമായ ഒരു തെരഞ്ഞെടുപ്പുസമ്പ്രദായം രൂപകൽപ്പന ചെയ്യുകയോ ചെയ്ത് വിജയിയെ തീരുമാനിക്കാവുന്നതാണ്.

## തെരഞ്ഞെടുപ്പ് പ്രശ്നോത്തരി

കോളേജ് ക്വിസ് സൊസൈറ്റിയുടെ സഹകരണത്തോടെ തെരഞ്ഞെ ടുപ്പിനെയും തെരഞ്ഞെടുപ്പ് പ്രക്രിയയേയും സംബന്ധിച്ച് ഒരു പ്രശ്നോ ത്തരി വിദ്യാർഥികൾക്കിടയിൽ സംഘടിപ്പിക്കാവുന്നതാണ്.

## വോട്ടർമാരുടെ സത്യപ്രതിജ്ഞ

എല്ലാ യുവാക്കളേയും ഒരുമിച്ചുചേർത്ത് നടത്തുന്ന സമ്മേളനത്തിൽ വോട്ടറുടെ സത്യപ്രതിജ്ഞ നിർബന്ധമായും നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പു സാക്ഷരതാ സമിതി അംഗങ്ങൾക്ക് ഈ സത്യപ്രതിജ്ഞ സാമൂഹ്യമാധ്യമങ്ങൾ വഴിയും പ്രസിദ്ധീകരിക്കണം.


## പ്രവർത്തനം പ്രത്യേക പ്രചാരണം

ഇന്ത്യൻ പൗരന്മാരായ 18 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ കോളേജ് വിദ്യാർഥികളും വോട്ടുചെയ്യാൻ യോഗ്യരാണ്. അതിനാൽ തന്നെ അവരെല്ലാം വോട്ടർമാരായി രജിസ്റ്റർ ചെയ്യണമെന്നത് നിർബന്ധമാണ്. മറ്റുള്ളവരെയും ഉത്തേജിപ്പിച്ച് രജിസ്റ്റർ ചെയ്യിക്കാൻ ചുമതല ELC അംഗങ്ങൾക്ക് നൽകേണ്ടതും അതിനായി പ്രത്യേക പ്രചാരണം സംഘടിപ്പി ക്കേണ്ടതുമാണ്.

**നടപടിക്രമം**

* പ്രത്യേക പ്രചാരണത്തിന്റെ ഉദ്ദേശ്യം വ്യക്തമാക്കിക്കൊണ്ടുള്ള പ്രസംഗത്തിലൂടെ ELC അംഗങ്ങൾ കോളേജിൽ പ്രവർത്തനം നടത്തണം.
* ഫോറം 6 പൂരിപ്പിച്ചുകൊണ്ട് എങ്ങനെയാണ് വോട്ടറായി രജിസ്റ്റർ ചെയ്യേണ്ടത് എന്നും ആവശ്യമായ രേഖകൾ സംബന്ധിച്ചും ഒരു സെഷൻ സംഘടി പ്പിച്ചിരിക്കണം.
* നിയോജകമണ്ഡലത്തിലെ ബൂത്ത്തല ഓഫീസറുമായി ബന്ധപ്പെട്ട് അയാളെ/ അവരെ കോളേജ് വിദ്യാർഥികളുമായി ചേർന്നുള്ള ഒരു പ്രത്യേക സെഷൻ നടത്തുന്നതിനായി ELC അംഗങ്ങൾ ക്ഷണിക്കേണ്ടതാണ്.
* തെരഞ്ഞെടുത്ത ഒരു ദിവസം ഒരു ബൂത്ത് തയാറാക്കി അതിലൂടെ ഫോറം 6 വിതരണം ചെയ്യുകയും വിദ്യാർഥികൾക്ക് ഫോറം പൂരിപ്പിക്കാൻ അത് ബൂത്ത്തല ഓഫീസർക്ക് സമർപ്പിക്കാനും അവസര മൊരുക്കുക.
* മറ്റു നഗരങ്ങളിലെയും സംസ്ഥാനങ്ങളിലെയും വോട്ടർമാരായ വിദ്യാർഥികളെ സംബന്ധിച്ച് അവരെ ദേശീയ സമ്മതിദായക സേവന പോർട്ടലിനെക്കുറിച്ച് (www.nvsp.in) ബോധവാന്മാരാക്കുകയും ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ നിർദേശിക്കുകയും ചെയ്യുക.

**കാലദൈർഘ്യം:** പകുതി ദിവസം.
**അനുയോജ്യമായസമയം:** അതതു സംസ്ഥാനങ്ങളുടെ സംക്ഷിപ്ത മായ പുതുക്കൽ നടക്കുന്നതോടനുബന്ധിച്ചുള്ള സമയത്താണ് പ്രവർ ത്തനം നടത്തേണ്ടത്.



## പ്രവർത്തനം വാദപ്രതിവാദം പ്രസംഗമൽസരം

വാദപ്രതിവാദങ്ങളും ചർച്ചകളും യുവാക്കൾക്കിടയിലേക്ക് പ്രവേശി ക്കുന്നതിനുള്ള നല്ലൊരു മാർഗമാണ്. തെരഞ്ഞെടുപ്പുൽസവത്തിയിലൂടെ ELC അംഗങ്ങൾ തെരഞ്ഞെടുപ്പു പ്രക്രിയയെക്കുറിച്ചും വോട്ടറെ ബോധ വൽക്കരിക്കുന്നതു സംബന്ധിച്ചും നേരത്തെതന്നെ ആവശ്യമായ വിജ്ഞാ നമാർജിച്ചിട്ടുണ്ട്. കോളേജുകൾ തമ്മിലുള്ള മൽസരം സംഘടിപ്പിച്ച് സംവാദങ്ങളെ കൂടുതൽ ഫലപ്രദമാക്കാൻ കഴിയും.

**നടപടിക്രമം**

* ഭരണസമിതിയോടൊപ്പം ചേർന്ന് ELC അംഗങ്ങൾ മൽസര ത്തിന്റെ കെട്ടുംമട്ടും തീരുമാനിക്കും. അത് പാർലമെന്ററി സംവാദമോ സാധാരണ വാദപ്രതിവാദമോ ചാനൽ ചർച്ചയോ പ്രസംഗമൽസരമോ ആകാം.
* ഇതിന്റെ പ്രമേയം ഭരണസമിതിയുടെ അംഗീകാരത്തോടെ ELC അംഗങ്ങൾ തീരുമാനിക്കണം. ആശയങ്ങൾക്കുവേണ്ടി തെരഞ്ഞെടുപ്പുൽസവം പ്രവർത്തനങ്ങളിൽ നിർദേശിച്ച പ്രമേയങ്ങളെ പരിശോധി ക്കണം.
* നഗരത്തിലെ എല്ലാ കോളേജുകളേയും പങ്കെടുക്കുന്നതിന് ക്ഷണിക്കണം. ഈ പ്രവർത്തനങ്ങളെപ്പറ്റി കൃത്യമായി പ്രസിദ്ധീകരിക്കണം.
* വിധികർത്താക്കളും, പാരിതോഷികങ്ങളും സർട്ടിഫിക്കറ്റുകളു മെല്ലാമുള്ള വരുണ്ടെങ്കിൽ രണ്ടുമണിക്കൂറുള്ള പ്രവർത്തനം നടത്തണം.

അനുയോജ്യമായ സമയം: ഇരുസെമസ്റ്ററിലെ ഏതുസമയവും.

## പ്രവർത്തനം ദേശീയ സമ്മതിദാന ദിനാഘോഷം

യുവജനങ്ങളെ തെരഞ്ഞെടുപ്പു പ്രക്രിയയിലേക്ക് ഭാഗമാകാൻ പ്രേരിപ്പിക്കുന്ന കാര്യത്തിൽ എല്ലാ വർഷവും ജനുവരി 25-ാം തീയതി ആഘോഷിക്കപ്പെടുന്ന ദേശീയ സമ്മതിദാന ദിനാഘോഷം പ്രാധാന്യമർഹിക്കുന്നു.

തെരഞ്ഞെടുപ്പു സാക്ഷരതാ ക്ലബ്ബിലെ അംഗങ്ങളെന്നനിലയിൽ ഈ ദിവസം തിരിച്ചറിയേണ്ടതുണ്ടെന്നും ഈ ദിവസത്തിന്റെ പ്രാധാന്യവും എടുത്തു പറയണം. അതിനായി ELC അംഗങ്ങൾ കോളേജിൽ ഒരു പ്രത്യേക സമ്മേളനം / ചടങ്ങ് സംഘടിപ്പിക്കുകയും എല്ലാ വിദ്യാർഥിക ളെയും അധ്യാപകരെയും ഇതിലേക്ക് ക്ഷണിക്കുകയും വേണം.

* സമ്മേളനസ്ഥലം, വോട്ടിന്റെ മൂല്യത്തെപ്പറ്റി ഊന്നിപ്പറയുന്ന പോസ്റ്ററുകളാലും മറ്റു ചിത്രപ്പണികളാലും അലങ്കരിക്കണം.
* ജില്ലാ തെരഞ്ഞെടുപ്പു ഓഫീസറോ അദ്ദേഹത്തിന്റെ / അവരുടെ പ്രതിനിധി കളേയോ ഈ സംഭവത്തിലേക്ക് ക്ഷണിക്കാവുന്നതാണ്.
* ഈ സംഭവത്തിന്റെ അമരക്കാരായി പ്രവർത്തിക്കേണ്ടത് ELC അംഗങ്ങളാണ്. ഇതിനോടനുബന്ധിച്ച് വിദ്യാർഥികളുടെ സ്റ്റേജ് നാടകം, സംഘഗാനം/ബാൻഡ് പരിപാടി ഡാൻസ് അവതരണം പ്രസംഗമൽസരം തുടങ്ങിയ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

* ഈ പ്രത്യേകചടങ്ങ് ബാഡ്ജുകൾ ടീഷർട്ടുകൾ മുതലായ സാധനങ്ങൾ വിദ്യാർഥികൾക്ക് വിതരണം ചെയ്യുന്നതും നിരീക്ഷിക്കുന്നു.
* ELC അംഗങ്ങളുടെയും മറ്റു വിദ്യാർഥികളുടെയും തെരഞ്ഞെടുപ്പു സാക്ഷരതാ പ്രവർത്തനങ്ങൾ ദേശീയ സമ്മതിദാനദിനത്തിൽ അംഗീകരിക്കപ്പെടണം.
* മാറ്റ്ഡാറ്റാ മഹോൽസവത്തിൽ പങ്കെടുക്കുന്നവരേയും ക്ഷണിക്കേണ്ടതും അവർക്കുള്ള സമ്മാനങ്ങൾ ചടങ്ങിൽവച്ച് നൽകാവുന്നതു മാണ്.

## പ്രവർത്തനം പ്രചോദനം നൽകുന്നവരെ ക്ഷണിക്കൽ

അനൗപചാരികവും പരസ്പരം ക്രിയാത്മകവും കർമ്മോൽസുകരായ യുവജന സംരംഭകരും സാമൂഹ്യസംരംഭകരും ഉൾപ്പെടെ കൂടിച്ചേരലുകളിൽ / സെഷനുകളിൽ ശ്രദ്ധേയരായ യുവജനങ്ങളുടെ പങ്കാളിത്തത്തോടെ പ്രചോദനം നൽകുന്നവരെയും ക്ഷണിക്കുമ്പോൾ യുവജന ങ്ങളും ജനാധിപത്യവും തെരഞ്ഞെടുപ്പ്, പ്രായപൂർത്തി വോട്ടവകാശം, രാഷ്ട്രീയവും സമകാലിക ലോകരാഷ്ട്രീയവും ഇതിൽ ചർച്ച ചെയ്യപ്പെടുന്നു. പ്രധാനമായും യുവജനങ്ങൾക്കിടയിലെ ജീവിത സംഭാഷണത്തിന് തുടക്കമിടുന്ന ഉപകരണമായി കണക്കാക്കപ്പെടുമെങ്കിലും പ്രചോദനം നൽകുന്നവരെ ക്ഷണിക്കുന്ന ചടങ്ങ് രണ്ടുഭാഗങ്ങളായി തിരിക്കാം. ആദ്യത്തേത് അതിഥികളായെത്തിയ പ്രാസംഗികരുടെ നേരത്തെ നിശ്ചയിച്ച വിഷയത്തെക്കുറിച്ചുള്ള സംഭാഷണവും രണ്ടാമത്തേത് പങ്കെടുക്കുന്നവർ പരസ്പരം സംവദിക്കുന്ന ചോദ്യോത്തര സെഷനുമാണ്. ഇത് റിക്കോർഡ് ചെയ്യുന്നതിനും സോഷ്യൽ മീഡിയ വഴി ലൈവ് ആയും കാണിക്കുന്നതിനും ELC അംഗങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും.

### നടപടിക്രമം

പ്രചോദനം നൽകുന്നവരെ ക്ഷണിക്കുന്ന ചടങ്ങ് അതുമാത്രമായോ അതല്ലെങ്കിൽ ദേശീയ സമ്മതിദാനദിനത്തിൽ ഉൾപ്പെടുത്തിയോ അതല്ലെങ്കിൽ മാറ്റ്ഡാറ്റ മഹോൽ സവത്തിൽ ഉൾപ്പെടുത്തിയോ നടത്താവുന്നതാണ്.

**കാലയളവ്:** 2 മണിക്കൂർ.

### കൃത്യമായ പ്രവർത്തനം

കോളേജ് മാസികയിൽ കഥകൾ പ്രസിദ്ധീകരിക്കുക. കോളേജ് മാസികയുടെ (വാർഷിക / അർധവാർഷിക/ ത്രൈമാസിക) എഡിറ്റർ ഇൻ ചാർജുമായി സഹകരിച്ച് തെരഞ്ഞെടുപ്പു ജനാധിപത്യത്തിൽ വിശ്വാസമർപ്പിക്കുന്നതെന്തുകൊണ്ട് എന്നതിനെക്കുറിച്ച് വിദ്യാർഥികളുടെ കഥകളും ഉപകഥകളും മറ്റും പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുക.

ഓരോ മേഖലയിൽ നിന്നുള്ള കോളേജിലെ ഏറ്റവും നല്ല കഥകൾ ഉൾപ്പെടുത്തി “ബാലറ്റിലുള്ള വിശ്വാസം” എന്ന തുടർക്കഥ യുവാക്കൾക്കും ഭാവിവോട്ടർമാർക്കും വേണ്ടി ചെയ്യാവുന്നതാണ്.

### കൃത്യമായ പ്രവർത്തനം

സാമൂഹ്യമാധ്യമങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ കോളേജിലെ തെരഞ്ഞെടുപ്പു സാക്ഷരതാ ക്ലബ്ബുകൾക്ക് അവയുടേതായ സാമൂഹ്യമാധ്യമ പ്രവർത്തനം പ്രതീക്ഷിക്കുന്നു (ഫേസ്ബുക്ക്, ട്വിറ്റർ, ഇൻസ്റ്റഗ്രാം മുതലായവ).

തെരഞ്ഞെടുപ്പു സാക്ഷരതാ ക്ലബ്ബുകൾ കൃത്യമായി ഈ പ്രവർത്തനങ്ങൾ/ മൽസരങ്ങൾ നടത്തുകയും കാഴ്ചക്കാരിൽ വോട്ടെടുപ്പിനെക്കുറിച്ചുള്ള അവബോധ മുണ്ടാക്കാൻ ശ്രമിക്കുകയും വേണം. നിർദേശി ക്കുന്ന ചില പ്രവർത്തനങ്ങൾ.

* ലോഗോ രൂപകൽപ്പന ചെയ്യൽ.
* ടാഗ്ലൈൻ എഴുത്ത്.
* പോസ്റ്റർ നിർമാണം.
* GIF നിർമാണം.
* ബ്ലോഗെഴുത്ത്
* നിയോജകമണ്ഡലത്തിൽ ഒരു തെരഞ്ഞെടുപ്പ് നടക്കുകയാണെങ്കിൽ തെരഞ്ഞെടുപ്പ് ബന്ധിപ്പിക്കൽ – ELC അംഗങ്ങൾ അവരുടെ ഏറ്റവുമടുത്ത പോളിങ് സ്റ്റേഷനിലെ നടപടിക്രമങ്ങളുടെ ഒരു ചെറിയ വീഡിയോ തയാറാ ക്കുകയും അത് സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യുകയും ചെയ്യുന്നു.

## 16. നിർദിഷ്ട പ്രവർത്തനങ്ങളുടെ പട്ടിക

| ക്രമ നമ്പർ | പ്രവർത്തനം | താൽകാലിക സമയക്രമം |
|---|---|---|
| | **ഓഡ് സെമസ്റ്റർ** | |
| 1.<br>2.<br>3. | പുതിയ ELC നിർവാഹകസമിതി തെരഞ്ഞെടുപ്പ്<br>തെരഞ്ഞെടുപ്പ് ഉൽസവം<br>പുതുമുഖങ്ങളുടെ സംവാദം | ജൂലൈ |
| 4.<br>5.<br>6. | റാച്ച് മ്യൂസിക് മൽസരം<br>കവിതാലാപനം<br>മൈം | ആഗസ്ത് |
| 7.<br>8.<br>9. | തെരഞ്ഞെടുപ്പുൽസവം<br>സ്വാധീനിക്കാവുന്നവരെ ക്ഷണിക്കൽ<br>ഫോട്ടോഗ്രാഫി മൽസരം | സെപ്തംബർ |
| 10.<br>11 | കലാമൽസരം<br>ഉത്തേജകരെ ക്ഷണിക്കൽ | ഒക്ടോബർ |
| 12.<br>13. | ദേശീയ സമ്മതിദാനദിനത്തിനുള്ള ഒരുക്കങ്ങൾ<br>ഷോർട്ട് ഫിലിം നിർമാണ മൽസരത്തെക്കുറിച്ചുള്ള പ്രഖ്യാപനം | നവംബർ |
| 14. | ചുമർമാസികയും കോളേജ് മാസികയിൽ കഥ ഫീച്ചർ ചെയ്യലും | സ്ഥിര പ്രവർത്തനം |
| | **ഈവൻ സെമസ്റ്റർ** | |
| 15.<br>16. | ദേശീയ സമ്മതിദാനാഘോഷം<br>ഉത്തേജകരെ ക്ഷണിക്കൽ | ജനുവരി |
| 17. | സിനിമാ പ്രദർശനം | ഫെബ്രുവരി |
| 18. | മുഖ്യതെരഞ്ഞെടുപ്പ് ഓഫീസറുടെ സന്ദർശനം | മാർച്ച് |
| 19. | തെരഞ്ഞെടുപ്പുൽസവം | ഏപ്രിൽ |
| 20. | 18+ വിദ്യാർഥികളെ ക്രമപ്പെടുത്തൽ | മെയ് |
| 21. | ചുമർമാസികയും കോളേജ് മാസികയിൽ കഥ, ഫീച്ചർചെയ്യുക | സ്ഥിര പ്രവർത്തനം |

## 17. സ്രോതസ്സുകൾ

1. ബാലറ്റിലുള്ള വിശ്വാസം.
2. സെന്റിനൽസ് ഓഫ് ഡെമോക്രസി.
3. സ്ഥിരമായി ചോദിക്കാവുന്ന ചോദ്യങ്ങളും പദഘടനയും.
4. റിട്ടേണിങ് ഓഫീസർമാർക്കുള്ള കൈപ്പുസ്തകം.
   http://eci-nic.in / eci.main
   240 22014pdf
5. www.nvsp.in

## കൺവീനറുടെ നോട്ട്

## കൺവീനറുടെ നോട്ട്

## കൺവീനറുടെ നോട്ട്

## കൺവീനറുടെ നോട്ട്

## കൺവീനറുടെ നോട്ട്